പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5052 — 24.07.2015 ലെ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനം

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) | സ്വീകരിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏതൊക്കെ പുതിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും ആയതിന് ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ? | ബി) | 1. തൃക്കണ്ണാട് ബീച്ച് വികസനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപ അനുവദിച്ചു പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2. മയിലാട്ടിയിൽ നിന്നും ഉദുമയിലേക്ക് അഡീഷണൽ ഫീഡർ ലൈൻ സ്ഥാപിക്കുവാൻ 80 ലക്ഷം രൂപ ചിലവിൽ പണി പൂർത്തീകരിച്ചു.<br>3. ബി.ആർ.ഡി.സി ശുദ്ധജല വിതരണ പദ്ധതിയുടെ അറ്റകുറ്റപണികൾക്കായി 1 കോടി രൂപ അനുവദിച്ചു. കേരള വാട്ടർ അതോറിറ്റി മുഖേന പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു.<br>4. കൾച്ചറൽ സെന്റർ നിർമ്മാണത്തിനായി അനുവദിച്ച 4.43 കോടി രൂപയിൽ 2 കോടി രൂപ ഇതിനോടകം ബി.ആർ.ഡി.സി ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>5. രണ്ട് ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപണികൾക്കായി 28 ലക്ഷം രൂപ അനുവദിച്ചതിൽ 14.25 ലക്ഷം കൈമാറിയിട്ടുണ്ട്. അറ്റകുറ്റപണികൾ പൂർത്തീകരിച്ചു വരുന്നു.<br>6. സൗത്ത് ബീച്ച് പാർക്ക് നവീകരണത്തിനായി 138 ലക്ഷം രൂപ അനുവദിച്ചതിൽ 69 ലക്ഷം രൂപ ബി.ആർ.ഡി.സി ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 7. പുതിയ 3 ഹൗസ് ബോട്ടുകൾക്കായി 138 ലക്ഷം രൂപ ബി.ആർ.ഡി.സി ക്ക് കൈമാറിയിട്ടുണ്ട്.<br>ഇതിനു പുറമെ 2011-12 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, തെരുവു വിളക്ക സ്ഥാപിക്കൽ, ബേക്കൽ ബീച്ച് റോഡ് നവീകരണം, മറ്റു അനുബന്ധ പ്രവൃത്തികൾ എന്നിവയ്ക്കായി 1 കോടി രൂപ ചിലവഴിച്ചു.<br>2012-13 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, സൈനേജ് സ്ഥാപിക്കൽ, തെരുവുവിളക്ക സ്ഥാപിക്കൽ, എയർ സ്ട്രിപ്പിനായി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, മറ്റു അനുബന്ധ പദ്ധതികൾ എന്നിവയ്ക്കായി 1 കോടി രൂപ വിനിയോഗിച്ചു.<br>2013-14 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, പള്ളിക്കരയിൽ ടൂറിസം അമിനിറ്റിക്കായി സ്ഥലമെടുപ്പ്, റിസോർട്ട് സൈറ്റ് 5ലേക്കും & 6 ലേക്കും ഹൈ ടെൻഷൻ ലൈൻ സ്ഥാപിക്കുന്നതിനുമായി 135 ലക്ഷം രൂപ ചിലവഴിച്ചു.<br>2014-15 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, തെരുവുവിളക്ക സ്ഥാപിക്കൽ, മുനിക്കൽ കായക്കുന്ന് റോഡിന്റെ വികസനം, ബേക്കൽ ബീച്ച് വികസന പ്രവർത്തനം, ടൂറിസം ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥല സജ്ജീകരണം, ബേക്കൽ ഫോർട്ടിന് സമീപത്തുള്ള വികസന പ്രവർത്തനം എന്നിവയ്ക്കായി 110 ലക്ഷം രൂപ ചിലവഴിച്ചു.<br>2015-16 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ ബി.ആർ.ഡി.സി ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ